പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7141 — 11.07.2014- ൽ മറുപടിക്ക്

## മൂടാടി പഞ്ചായത്തിൽ ഫ്ളഡ് ഫണ്ട് റോഡുകൾക്ക് ഭരണാനുമതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. ദാസൻ | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ മൂടാടി പഞ്ചായത്തിലെ ഫ്ളഡ് ഫണ്ടിൽ ഭരണാനുമതി ലഭിച്ച റോഡുകളുടെ എ.എസ്. ഭേദഗതി വരുത്തുന്നതിന് നിയമസഭ സാമാജികൻ മുഖേന 30.10.2013-ന് സമർപ്പിക്കപ്പെട്ട അപേക്ഷയിൽ (61041/13) ഇതു വരെ നടപടികൾ ആവാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച 2706/13/ വി.ഐ.പി./എം.ആർ.സി. തീയതി 06.11.2013 ഉത്തരവ് റവന്യൂ ഡിപ്പാർട്ട്മെന്റിൽ ലഭിച്ചത് എന്നാണ് എന്നും പ്രസ്തുത നിർദ്ദേശം ലഭിച്ച് ഇന്നേ തീയതിയ്ക്ക് എത്ര മാസമായി എന്നും വിശദമാക്കാമോ; ഈ കാലയളവിൽ പ്രസ്തുത ഫയലിൽ നടപടികൾ പൂർത്തിയാവാതിരിക്കാനുള്ള കാരണം വിശദമാക്കാമോ; | (ബി) | 2706/13/വി.ഐ.പി/എം.ആർ.സി തീയതി 06.11.2013 ഉത്തരവ് 08.11.2013-ൽ റവന്യൂ വകുപ്പിൽ ലഭിച്ചിരുന്നു. ഭേദഗതി ഉത്തരവ് തീയതി വരെ 7 മാസത്തെ സമയ മെടുത്തിട്ടുണ്ട്. 21.11.2012-ലെ സ.ഉ(സാധാ) നം. 6624/2012/ ദു.നി.വ നമ്പർ ഉത്തരവിലെ ക്രമ നമ്പർ 46, 47 പ്രകാരം യഥാക്രമം 4 ലക്ഷം, 3 ലക്ഷം രൂപ വീതം ഭരണാനുമതി നൽകിയ പ്രവൃത്തി 30.04.2013-ലെ സ.ഉ(സാധാ)നം. 2446/2013/ഡി.എം.ഡി പ്രകാരം പഞ്ചായത്തിന്റെ പേര് മാറ്റി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുകയും തുടർന്ന് 06.05.2013-ലെ സ.ഉ(സാധാ)നം. 2569/2013/ ഡി.എം.ഡി നമ്പർ ഉത്തരവ് പ്രകാരം 4 ലക്ഷം, 4 ലക്ഷം എന്നീ തുകകളാക്കി മാറ്റം വരുത്തി പ്രവൃത്തി കളും മാറ്റി ഭരണാനുമതി പുറപ്പെടുവി ക്കുകയും ചെയ്തിരുന്നു. എന്നാൽ 08.11.2013-ൽ ഈ വകുപ്പിൽ ലഭ്യമായ ബഹു. എം.എൽ.എ-യുടെ അപേക്ഷയിൽ വീണ്ടും പ്രവൃത്തി മാറ്റുന്നതോടൊപ്പം 3 ലക്ഷം, 4 ലക്ഷം എന്നീ രീതിയിൽ തുകയിലും വ്യത്യാസം വരുത്തുവാനാണ് ആവശ്യപ്പെട്ടിരുന്നത്. തുകയിൽ വന്ന വ്യത്യാസം ക്രമപ്പെടുത്തുന്നതിന് സ്വീക രിച്ച നടപടി മൂലമാണ് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് കാലതാമസം വന്നത്. |
| (സി) | ഈ ഫയലിൽ നടപടി തീർപ്പാക്കി എന്നത്തേക്ക് ഉത്തരവുകൾ പുറപ്പെടു വിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | 25.06.2014-ലെ സ.ഉ(ആർ.റ്റി)നം. 2909/2014/ ദു.നി.വ പ്രകാരം ഭരണാനുമതി ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ